4. ഐ.ഇ.സി. മെറ്റീരിയിൽ വികസിപ്പിച്ച് പ്രസ്തുത പദ്ധതിയെക്കുറിച്ച് അവബോധം/പ്രചരണം നടത്തുക.

5. പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിന് വിവിധ വകുപ്പുകളുമായുള്ള സഹകരണം ഉറപ്പാക്കുക.

6. പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള വിവിധ സേവനങ്ങൾക്കായി സി.ഡി.പി.ഒ/ഡി.പി.ഒ എന്നിവരുമായി ചർച്ച ചെയ്ത് എം.എൻ.ജി.ഒ/എൻ.ജി.ഒ/സി.ബി.ഒ എന്നിവരെ തെരഞ്ഞെടുക്കുക.

7. ഓരോ ഘട്ടത്തിലുമുള്ള പ്രസ്തുത പദ്ധതിയുടെ ക്രമമായ നടത്തിപ്പ് ഓരോ നിലയിലും യഥാസമയം വിലയിരുത്തുകയും, പദ്ധതിയുടെ പ്രയോജനം നിർണ്ണയിക്കുകയും ചെയ്യുക.

8. മോണിറ്ററിംഗ് കമ്മറ്റികൾ എല്ലാ തലത്തിലും രൂപീകരിക്കുക.

(ഡി) 'സബല' പദ്ധതി സ്ക്കൂളുകൾ മുഖേന നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ സ്ക്കൂളുകളിൽ പഠിക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികളെക്കൂടി ഭാഗഭാക്കാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

സ്കൂളുകൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി

22 (*82) ശ്രീ. പി. തിലോത്തമൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്കൂളുകൾക്ക് കുടിവെള്ളം നല്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം നൽകി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി മുഴുവൻ സ്കൂളുകളിലും കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) കേന്ദ്രസർക്കാർ സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ സർക്കാർ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ളം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയും ജലനിധിയും മുഖേന സർക്കാർ/എയിഡഡ് ഉൾപ്പെടെ 956 ഗ്രാമീണ സ്കൂളുകൾ/അംഗൻവാടികൾ എന്നിവയ്ക്കുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇല്ല. നാളിതുവരെ 2017 ഗ്രാമീണ സർക്കാർ/എയിഡഡ് സ്കൂളുകൾ അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും കുടിവെള്ളം നൽകുന്നതു സംബന്ധിച്ച് നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ദേശീയപാത വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജ്

23 (*83) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിനായി ഭൂമി ഒഴിപ്പിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർവ്വകക്ഷി തീരുമാനപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജിന്റെ വിശദാംശം നൽകുമോ ;

(ബി) പാക്കേജ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ദേശീയപാത വികസന പദ്ധതി വൈകാതെ നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യസ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യസ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്ന രഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/ വീട് എന്നിവ നിർമ്മിച്ച് നൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവുംകൂടി ചേർത്ത് കെട്ടിട വിലനിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില

LIBRARY ARCHIVES Kerala Legislative Assembly